# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### ഡെങ്കിപ്പനി കോളറ മുതലായവയുടെ നിയന്ത്രണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 684 — 12.6.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി അബ്ദുൾ ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ പടർന്നു പിടിക്കുന്ന ഡെങ്കിപ്പനി, കോളറ മുതലായവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | എ) | ഡെങ്കിപ്പനി, കോളറ മുതലായ പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് സമഗ്ര രോഗപ്രതിരോധ നിയന്ത്രണ പരിപാടി ഈ വർഷം ജനുവരി മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലം വരെ ഇന്റർ സെക്ടറൽ കോർഡിനേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വാർഡ് തല ആരോഗ്യ ശുചിത്വ സമിതികൾ യോഗം ചേർന്ന് വാർഡ് തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. കൊതുകിന്റെ ഉറവിട നശീകരണം അഥവാ 'ഡ്രൈഡേ' ആചരണ ക്യാംപെയിനുകൾ പല തവണ നടപ്പിലാക്കി. മഴക്കാല പൂർവ്വ ശുചീകരണം നടത്തി. ജല സ്രോതസ്സുകളുടെ ക്ലോറിനേഷൻ, ജലഗുണ നിലവാര പരിശോധന തുടങ്ങിയവ കാര്യക്ഷമമാക്കി. അന്യ സംസ്ഥാന തൊഴിലാളികളുടെ രക്ത പരിശോധന നടത്തി. ആരോഗ്യ സന്ദേശ യാത്രയും വിവിധതരം |

ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി. ഡെങ്കിപ്പനി കൂടുതൽ റിപ്പോർട്ട് ചെയ്ത തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും കോളറ റിപ്പോർട്ട് ചെയ്ത വയനാട്, ആലപ്പുഴ ജില്ലകളിലും ആരോഗ്യ വകുപ്പിലെ പൊതുജനാരോഗ്യ വിഭാഗത്തിലെയും ഈ വർഷം പുതുതായി രൂപീകരിച്ച 'എപ്പിഡമിക് മാനേജ്മെന്റ് സെല്ലിലെ' ഉദ്യോഗസ്ഥർ, മെഡിക്കൽ കോളേജ് ടീം തുടങ്ങിയവർ സന്ദർശിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി വേണ്ട നിർദ്ദേശങ്ങളും നൽകി. 'ഡെങ്കി ഹോട്ട് സ്പോട്ടുകളിൽ' ഐ.എസ്.എസ്, ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയവ ഊർജ്ജിതമാക്കി, കോളറ വന്ന സ്ഥലങ്ങളിൽ ഒ.ആർ.എസ്. വിതരണം, ക്ലോറിനേഷൻ, മല പരിശോധന തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി. ഡെങ്കി, കോളറ രോഗ ചികിത്സയെപ്പറ്റി മാർഗ്ഗ രേഖകൾ ഡോക്ടർമാർക്ക് നൽകി ചികിത്സയും കാര്യക്ഷമമാക്കി.

ബി) നടപ്പ് വർഷം കേരളത്തിൽ ഡെങ്കിപ്പനി ബാധിതരായി മരിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ബി) 2013 ജൂൺ മാസം 6 വരെ ഡെങ്കിപ്പനി ബാധിതരായി മരിച്ചവരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| ജില്ല | സംശയാസ്പദ മായ ഡെങ്കിപ്പനി മൂലമുള്ള മരണങ്ങൾ | ഡെങ്കിപ്പനി മൂലമുള്ള മരണങ്ങൾ സ്ഥിരീകരിച്ചത് |
|---|---|---|
| തിരുവനന്തപുരം | 21 | 3 |
| കൊല്ലം | 9 | 1 |
| പത്തനംതിട്ട | 3 | 2 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 21 | 2 |
| ഇടുക്കി | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | | | എറണാകുളം | 0 | 0 |
| | | | തൃശ്ശൂർ | 0 | 0 |
| | | | പാലക്കാട് | 3 | 0 |
| | | | മലപ്പുറം | 0 | 0 |
| | | | കോഴിക്കോട് | 1 | 0 |
| | | | വയനാട് | 0 | 0 |
| | | | കണ്ണൂർ | 0 | 1 |
| | | | കാസർഗോഡ് | 0 | 0 |
| | | | ആകെ | 58 | 9 |

സെക്ഷൻ ഓഫീസർ